# പതിമൂന്നാം കേരള നിയമസഭ

## എട്ടാം സമ്മേളനം

### നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ 1867 25.03.2013-ൽ മറുപടി

### " പ്രിവൻഷൻ ഓഫ് അൺലോഫുൾ ആക്റ്റിവിറ്റീസ് ആക്ട് "

| ചോദ്യം | | മറുപടി |
|---|---|---|
| ശ്രീ. കെ. കുഞ്ഞമ്മത് മാസ്റ്റർ | | തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി) |
| എ) മാവോയിസ്റ്റ് സംഘടനകളുടെയോ മറ്റേതെങ്കിലും നിരോധിത സംഘടനകളുടെയോ പ്രവർത്തനം സംസ്ഥാനത്ത് നടക്കുന്നതായി റിപ്പോർട്ടുണ്ടോ ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ; | (എ) | സംസ്ഥാനത്തിന്റെ ചില ഭാഗങ്ങളിൽ മാവോയിസ്റ്റ് സംഘടനകൾ പ്രവർത്തനം തുടങ്ങിയതായി റിപ്പോർട്ടുകളുണ്ട്. |
| ബി) കണ്ണൂർ, കോഴിക്കോട്, വയനാട്, മലപ്പുറം ജില്ലകളിലെ കാടുകളിൽ പോലീസ് പരിശോധന നടത്തിയിരുന്നോ; പരിശോധനയിൽ എന്തെങ്കിലും കണ്ടെത്താൻ കഴിഞ്ഞിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ; | (ബി) | പരിശോധന നടത്തിയിരുന്നു. ആഭ്യന്തര സുരക്ഷയെ ബാധിക്കുന്നതായതിനാൽ വിശദാംശങ്ങൾ വെളിപ്പെടുത്തുന്നത് ഉചിതമല്ല. |
| സി) കേന്ദ്ര ഇന്റലിജൻസിന്റെയോ, സംസ്ഥാന ഇന്റലിജൻസ് വിഭാഗത്തിന്റെയോ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരുന്നോ ഈ പരിശോധന എന്ന് വ്യക്തമാക്കുമോ ; | (സി) | 2013 ഫെബ്രുവരി മാസം ആദ്യവാരം കേരള കർണ്ണാടക വനാതിർത്തികളിൽ മാവോയിസ്റ്റുകളെ കണ്ടതായി സ്ഥലവാസികൾ വിവരം നൽകിയതിന്റെ അടിസ്ഥാനത്തിലാണ് പരിശോധന നടത്തിയത്. |
| ഡി) "പ്രിവൻഷൻ ഓഫ് അൺലോഫുൾ ആക്റ്റിവിറ്റീസ് ആക്ട് " എന്നൊരു ആക്ട് നിലവിലുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ ; | (ഡി) | "ദി അൺലോഫുൾ ആക്റ്റിവിറ്റീസ് (പ്രിവൻഷൻ) ആക്ട് 1967" എന്നൊരു ആക്ട് നിലവിലുണ്ട്. രാജ്യത്തിന്റെ ഐക്യത്തിനും അഖണ്ഡതയ്ക്കും എതിരെ പ്രവർത്തിക്കുന്ന ഛിദ്ര ശക്തികളുടേയും ഭീകര പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന വ്യക്തികൾ/സംഘടനകൾ എന്നിവരുടെയും പ്രവർത്തനങ്ങളെ കൂടുതൽ കാര്യക്ഷമമായി തടയുന്നതിന് ഉദ്ദേശിച്ചുകൊണ്ടുള്ളതാണ് ഈ നിയമം. |
| ഇ) ഈ നിയമമനുസരിച്ച് സംസ്ഥാനത്ത് ആരെയെങ്കിലും അറസ്റ്റ് ചെയ്തിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ? | (ഇ) | ഈ നിയമം അനുസരിച്ച് സംസ്ഥാനത്ത് 87 പേരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ഇടതുപക്ഷ തീവ്രവാദ പ്രവർത്തനവുമായി ബന്ധപ്പെട്ട് 13 പേരെയും മതമൗലികവാദ പ്രവർത്തനവുമായി ബന്ധപ്പെട്ട് 74 പേരെയും അറസ്റ്റ് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ